(എ) സംസ്ഥാനത്ത് മിച്ചഭൂമി പതിച്ച് കിട്ടിയവർക്ക് പ്രസ്തുത ഭൂമിയുടെ വികസനത്തിനും കൃഷിക്കും എന്തെങ്കിലും സഹായം സർക്കാർ നൽകുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) മിച്ചഭൂമിയുടെ വികസനത്തിനും അതിൽ കൃഷി ചെയ്യുന്നതിനും കേന്ദ്ര സർക്കാരിന്റെ എന്തെങ്കിലും പദ്ധതി നിലവിലുള്ളതായി അറിവുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എന്നു മുതൽ നടപ്പാക്കി വരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഇ) കഴിഞ്ഞ മൂന്നു വർഷമായി മിച്ചഭൂമിയുടെ വികസനത്തിനും അതിൽ കൃഷി ചെയ്യുന്നതിനും സംസ്ഥാനത്ത് എത്ര പേർക്ക് സാമ്പത്തിക സഹായം നൽകി എന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര അപേക്ഷകളിൽ തീർപ്പ് കല്പിക്കാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ജി) മിച്ചഭൂമി പതിച്ചുകിട്ടിയവർക്ക് ഭൂമിയുടെ വികസനത്തിനും കൃഷിക്കും വേണ്ടിയുള്ള സാമ്പത്തിക സഹായ പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമവും സമയബന്ധിതവുമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ജി)വിവരം ശേഖരിച്ചു വരുന്നു.

**70 (1296) കേരള ഒഴിപ്പിക്കൽ നിയമം**

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ലെ കേരള ഒഴിപ്പിക്കൽ നിയമ നടപടികൾ നിർത്തിവയ്ക്കൽ ആക്ടിന് പ്രാബല്യമില്ലാതെയായിത്തീർന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ കർഷകർക്ക് സങ്കീർണ്ണമായ ബുദ്ധിമുട്ടുകൾ ഇതുമൂലം സൃഷ്ടിക്കപ്പെടാനിടയുണ്ടെന്ന സംഗതി സർക്കാരിന് ബോദ്ധ്യമായിട്ടുണ്ടോ;

(സി) ഈ പ്രതിസന്ധി ഒഴിവാക്കുന്നതിന് അടിയന്തിരമായി നിയമ നിർമ്മാണം നടത്തുന്നതിന് സർക്കാർ സന്നദ്ധമാവുമോ?

ഉത്തരം

(എ),(ബി)&(സി) 1998-ലെ കേരള ഒഴിപ്പിക്കൽ നിയമ നടപടികൾ നിർത്തി വയ്ക്കൽ ആക്ടിന് ഇപ്പോൾ പ്രാബല്യമില്ല. ഇതുമൂലം കർഷകർക്ക് സങ്കീർണ്ണമായ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കപ്പെടാനിടയുണ്ടെന്ന സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ പ്രതിസന്ധി ഒഴിവാക്കുന്നതിന് അടിയന്തിരമായി നിയമ നിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly